## പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:466 | 04/07/2012 - ൽ മറുപടിക്ക്

### കരിമീൻ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ പ്രതാപൻ:<br>,, കെ. മുരളീധരൻ:<br>,, വി.ഡി. സതീശൻ:<br>,, പി.എ. മാധവൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാന മത്സ്യമായി പ്രഖ്യാപിച്ചിട്ടുള്ള കരിമീൻ കൃഷി ചെയ്യാനും പ്രചാരം വർദ്ധിപ്പിക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഭക്ഷ്യമേഖലയിലും, അലങ്കാര മത്സ്യ മേഖലയിലും കരിമീനിന് ഉള്ള പ്രാധാന്യവും, അത് നേരിടുന്ന വംശ നാശഭീഷണിയും കണക്കിലെടുത്ത് പ്രത്യേക പരിരക്ഷ ഉറപ്പാക്കുന്നതിനായി അതിനെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിക്കുകയുണ്ടായി. അതനുസരിച്ച് കരിമീൻ ഉല്പാദനം, സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് 210 ലക്ഷം രൂപ ചെലവ് കണക്കാക്കി കരിമീൻ വർഷം എന്നൊരു പദ്ധതി 2010 മുതൽ 2012 വരെയുള്ള 2 വർഷക്കാലയളവിൽ രൂപം നൽകി നടപ്പാക്കിയിരുന്നു. 14 ജില്ലകളിലെയും മത്സ്യ കർഷക വികസന ഏജൻസികൾ വഴി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി 2012 മാർച്ച് 31-ന് പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ 2012 ഏപ്രിൽ മാസത്തിൽ ആരംഭിച്ച മത്സ്യസമൃദ്ധി പദ്ധതിയിലും കരിമീൻ കൃഷിക്ക് ഊന്നൽ നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) അനുയോജ്യമായ എല്ലാ ജലാശയങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ ശ്രമിക്കുമോ യെന്ന് വ്യക്തമാക്കുമോ; | (ബി) കരിമീൻ ശുദ്ധജലത്തിലും ഓരുജല ത്തിലും ഒരുപോലെ വളരുന്നതി നാൽ കരിമീൻ കൃഷി കേരളത്തിലെ 14 ജില്ലകളിലേയും ശുദ്ധ/ഓരു ജലാ ശയങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ ഒഴുക്കില്ലാത്ത നദികളിലും അടുക്കളക്കുളങ്ങളിലും ഫെറോസ് സിമെന്റ് ടാങ്കുകളിലും കരിമീൻ കൃഷി ചെയ്തു വരുന്നു. ശാസ്ത്രീ യമായ രീതിയിൽ കൂടുകളിൽ കരിമീൻ കൃഷി ചെയ്യുന്ന സമ്പ്രദായ വും പരീക്ഷിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോ ക്താക്കൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, മത്സ്യത്തൊ ഴിലാളികൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, വ്യക്തിഗത കർഷകർ തുടങ്ങിയവരാണ് ഗുണ ഭോക്താക്കൾ. |

സെക്ഷൻ ഓഫീസർ